# ടാലന്റ് സെലക്ഷൻ 2023-24

തിരുവനന്തപുരം ജി വി രാജ സ്പോർട്സ് സ്കൂൾ (ഖേലോ ഇന്ത്യ സ്റ്റേറ്റ് സെന്റർ ഓഫ് എക്സലൻസ്), കണ്ണൂർ സ്പോർട്സ് സ്കൂൾ, തൃശ്ശൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിലേക്കുള്ള 2023-24 അദ്ധ്യയന വർഷത്തെ സെലക്ഷൻ ജനുവരി 27 മുതൽ വിവിധ കേന്ദ്രങ്ങളിലായി നടത്തും. ജില്ലാ കേന്ദ്രങ്ങൾക്കു പുറമെ തെരെഞ്ഞെടുത്ത മറ്റ് കേന്ദ്രങ്ങളിൽ വച്ചും സെലക്ഷൻ നടത്തുന്നതാണ്. 6, 7, 8 ,+1 ക്ലാസ്സുകളിലേക്ക് നേരിട്ടും, 9, 10 ക്ലാസ്സുകളിലേക്ക് ലാറ്ററൽ എൻട്രിയിലൂടെയും ആയിരിക്കും സെലക്ഷൻ.

6, 7 ക്ലാസ്സുകളിലേക്കുള്ള സെലക്ഷൻ കായികക്ഷമതാ ടെസ്റ്റിന്റെ അടിസ്ഥാനത്തിലും 8, +1 ക്ലാസ്സുകളിലേക്കുള്ള സെലക്ഷൻ കായികക്ഷമതയുടെയും അതാത് കായിക ഇനത്തിലെ മികവിന്റെയും അടിസ്ഥാനത്തിലുമാണ്. 9, 10 ക്ലാസ്സുകളിലേക്കുള്ള ലാറ്ററൽ എൻട്രിക്ക് സംസ്ഥാന തലത്തിൽ മെഡൽ കരസ്ഥമാക്കിയവരായിരിക്കണം. അത്‌ലറ്റിക്സ്, ബാസ്ക്കറ്റ്ബോൾ, ബോക്സിങ്, ജൂഡോ, വോളിബോൾ, റെസ്ലിങ് എന്നീ കായിക ഇനങ്ങളിലേക്ക് ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കും ക്രിക്കറ്റ്, തയ്ക്വാണ്ടോ എന്നീ ഇനങ്ങളിൽ പെൺകുട്ടികൾക്ക് മാത്രവുമായിരിക്കും സെലക്ഷൻ.

വിവിധ കേന്ദ്രങ്ങളിൽ നടക്കുന്ന പ്രാഥമിക സെലക്ഷനിൽ മികവ് തെളിയിക്കുന്ന വിദ്യാർത്ഥികളെ ഒരാഴ്ച നീണ്ടുനിൽക്കുന്ന അസ്സെസ്സ്മെന്റ് ക്യാമ്പിൽ പങ്കെടുപ്പിക്കുന്നതാണ്. ക്യാമ്പിലെ പ്രകടനത്തിന്റെയും, ടെസ്റ്റുകളുടെയും അടിസ്ഥാനത്തിൽ വിവിധ ക്ലാസ്സുകളിലേക്ക് അഡ്മിഷനുള്ള വിദ്യാർത്ഥികളെ തെരെഞ്ഞെടുക്കും.

താഴെപ്പറയുന്ന കേന്ദ്രങ്ങളിലാണ് പ്രാഥമിക സെലക്ഷൻ നടത്തുന്നത്.

27/01/2023–മുൻസിപ്പൽ സ്റ്റേഡിയം, കാസറഗോഡ് , ഹോളിഫാമിലി എച്ച് എസ്സ് എസ്സ് രാജപുരം
28/01/2023–ഇ എം എസ്സ് സ്റ്റേഡിയം നീലേശ്വരം, ഗവ: എച്ച് എസ്സ് എസ്സ് വയക്കര
30/01/2023–എം ജി കോളേജ്, ഇരിട്ടി, പോലീസ് പരേഡ് ഗ്രൗണ്ട് കണ്ണൂർ
31/01/2023–വയനാട് ഡിസ്ട്രിക്റ്റ് സ്റ്റേഡിയം കൽപ്പറ്റ, മേരി മാതാ കോളേജ് മാനന്തവാടി
01/02/2023–സെന്റ് മേരീസ് കോളേജ് സുൽത്താൻ ബത്തേരി
02/02/2023–ഗവ: കോളേജ് മടപ്പള്ളി, ഗവ: ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജ് കോഴിക്കോട്
03/02/2023–കാലിക്കറ്റ് യൂണിവേഴ്സിറ്റി സ്റ്റേഡിയം, ഗവ: എച്ച് എസ്സ് എസ്സ് നിലമ്പൂർ
04/02/2023–ഗവ: എച്ച് എസ്സ് എസ്സ് കോട്ടായി, എം ഇ എസ്സ് കോളേജ് മണ്ണാർക്കാട്
06/02/2023–ഗവ: എഞ്ചിനീയറിംഗ് കോളേജ് തൃശ്ശൂർ, സ്പോർട്സ് ഡിവിഷൻ കുന്ദംകുളം, ക്രൈസ്റ്റ് കോളേജ് ഇരിങ്ങാലക്കുട

07/02/2023–സെന്റ് ജോർജ്ജ് എച്ച് എസ്സ് എസ്സ് കോതമംഗലം, മഹാരാജാസ് കോളേജ് സ്റ്റേഡിയം എറണാകുളം

08/02/2023–സെന്റ് ജോർജ്ജ് എച്ച് എസ്സ് കട്ടപ്പന, ഗവ: എച്ച് എസ്സ് എസ്സ് അടിമാലി

10/02/2023–മുനിസിപ്പൽ സ്റ്റേഡിയം പാലാ, സെന്റ് ഡൊമിനിക്സ് കോളേജ് കാഞ്ഞിരപ്പള്ളി

11/02/2023–ന്യൂമാൻ കോളേജ് തൊടുപുഴ, എസ്സ് ബി കോളേജ് ചങ്ങനാശ്ശേരി

13/02/2023–മുനിസിപ്പൽ സ്റ്റേഡിയം പത്തനംതിട്ട,

14/02/2023–എസ്സ് ഡി വി എച്ച് എസ്സ് ആലപ്പുഴ, ഗവ: ഡി വി എച്ച് എസ്സ് എസ്സ് ചാരമംഗലം

15/02/2023–എൽ ബി എസ്സ് മുൻസിപ്പൽ സ്റ്റേഡിയം കൊല്ലം, സെന്റ് ജോൺസ് കോളേജ് അഞ്ചൽ

16/02/2023–കേരള യൂണിവേഴ്സിറ്റി സ്റ്റേഡിയം, മുൻസിപ്പൽ സ്റ്റേഡിയം നെയ്യാറ്റിൻകര, ഗവ: ജി വി രാജ സ്പോർട്സ് സ്കൂൾ തിരുവനന്തപുരം

സെലക്ഷനിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾ വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, 2 പാസ്സ്പോർട്ട് സൈസ്സ് ഫോട്ടോഗ്രാഫ്, സ്പോർട്സ് കിറ്റ് സഹിതം ഏതെങ്കിലും സെന്ററിൽ അതാത് ദിവസം രാവിലെ 8.00 മണിക്ക് എത്തിച്ചേരേണ്ടതാണ്.